**15 -ാം കേരള നിയമസഭ**

**2 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 1972** **29-07-2021 - ൽ മറുപടിയ്ക്ക്**

**പെരിങ്ങണ്ടൂർ ഇലക്ട്രിക്കൽ മെഡിക്കൽ കോളേജ് സെക്ഷനോഫീസ്**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. സേവ്യർ ചിറ്റിലപ്പിള്ളി | | Shri. K. Krishnankutty<br>(വൈദ്യുതി വകുപ്പ് മന്ത്രി) | |
| (എ) | തൃശ്ശൂർ ഗവൺമെന്റ് മെഡിക്കൽ കോളേജ്, പെരിങ്ങണ്ടൂരിൽ ഉള്ള ഇൻഡസ്ട്രിയൽ എസ്റ്റേറ്റ് എന്നിവിടങ്ങളിലെ വൈദ്യുതി സംബന്ധമായ പ്രശ്നങ്ങൾ കൈകാര്യം ചെയ്യുവാൻ ഉദ്ദേശിച്ചുകൊണ്ട് തുടങ്ങിയ പെരിങ്ങണ്ടൂർ മെഡിക്കൽ കോളേജ് ഇലക്ട്രിക്കൽ സെക്ഷനോഫീസ്, മെഡിക്കൽ കോളേജിൽ നിന്ന് അകലെ വാടക കെട്ടിടത്തിലാണ് പ്രവർത്തിക്കുന്നതെന്ന വിവരം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | (എ) | വെളപ്പായ ശിവക്ഷേത്രത്തിനു സമീപം പ്രവർത്തിച്ചു വന്നിരുന്ന മെഡിക്കൽ കോളേജ് സെക്ഷൻ ഓഫീസ് ടി കെട്ടിടത്തിന്റെ ശോച നീയാവസ്ഥയും ജീവനക്കാരുടെ സുരക്ഷയെ ബാധിക്കുന്ന സാഹചര്യവും കണക്കിലെടുത്ത് മെഡിക്കൽ കോളേജ്, യൂണിവേഴ്സിറ്റി ആസ്ഥാനം, സിൽക്ക്, ഇൻഡസ്ട്രിയൽ എസ്റ്റേറ്റ് എന്നീ സ്ഥാപനങ്ങൾക്കെല്ലാം എല്ലാ തരത്തിലും സൗകര്യമായ അത്താണിക്കു സമീപമുള്ള വാടകകെട്ടിടത്തിൽ 2020 ജൂലൈ 01 മുതൽ പ്രവർത്തിച്ചു വരുന്നു. |
| (ബി) | മെഡിക്കൽകോളേജിന്റെയും ഇൻഡസ്ട്രിയൽ എസ്റ്റേറ്റിന്റെയും സമീപത്ത് പുതിയകെട്ടിടം നിർമ്മിച്ച് സെക്ഷനോഫീസിന്റെ പ്രവർത്തനം മാറ്റുവാൻ ഉദ്ദേശിക്കുന്നുണ്ടോ; | (ബി) | ഉണ്ട്. |
| (സി) | ഇ.എസ്.ഐ ആശുപത്രി കോമ്പൗണ്ടിലോ, മെഡിക്കൽ കോളേജ് കോമ്പൗണ്ടിലോ, ഇൻഡസ്ട്രിയൽ എസ്റ്റേറ്റ് കോമ്പൗണ്ടിലോ, നിലവിലെ 110 കെ.വി സബ്സ്റ്റേഷൻ കോമ്പൗണ്ടിലോ ഇതിനു വേണ്ടി സ്ഥലം കണ്ടെത്തി ഉപയോഗപ്പെടുത്തുവാനുള്ള നടപടി സ്വീകരിക്കാമോ? | (സി) | നിലവിലെ 110 കെ വി സബ് സ്റ്റേഷൻ (അത്താണി) കോമ്പൗണ്ടിൽ സെക്ഷൻ ഓഫീസിനു പര്യാപ്തമായ സ്ഥലം ഇല്ല. 26.10.2019 ൽ തൃശ്ശൂർ ജില്ലാ കളക്ടേറ്റിൽ ചേർന്ന മെഡിക്കൽ കോളേജ് വികസന യോഗതീരുമാനപ്രകാരം ഫുട്ബോൾ പ്രാക്ടീസ് ഗ്രൗണ്ടിനും വ്യവസായ പാർക്കിനും ഇടയിലുള്ള മെഡിക്കൽ കോളേജിന്റെ 20 സെൻറ് ഭൂമി സൗജന്യമായി അനുവദിക്കുന്നതിന് അനുകൂല തീരുമാനം എടുത്തിട്ടുണ്ട്. സ്ഥലം ലഭ്യമാകുന്ന മുറയ്ക്ക് കെട്ടിട നിർമ്മാണം പരിഗണിക്കാവുന്നതാണ്. |

സെക്ഷൻ ഓഫീസർ